"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സർക്കുലർ നം.17/2024/ധന. തിരുവനന്തപുരം, തീയതി: 19.03.2024

**<u>സർക്കുലർ</u>**

വിഷയം: - പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: - 1. സർക്കുലർ നം. 80/2021/ധന തീയതി 18/09/2021
2. സർക്കുലർ നം. 80/2022/ധന തീയതി 15/09/2022

പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് (STSB) അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്നും ഇതിനായി പുതിയ STSB അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്നും സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ടി STSB അക്കൗണ്ടുകൾ ലോക്കൽ ഗവണ്മെന്റ് ട്രഷറി സേവിങ്സ് ബാങ്ക് (LGTSB) അക്കൗണ്ടുകളിലേക്കു മാറ്റേണ്ടതാണെന്നും, തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഇതുവരെയും ട്രഷറിയിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്ത പ്രാദേശിക സർക്കാരുകൾ **ലോക്കൽ ഗവണ്മെന്റ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് (LGTSB)** അക്കൗണ്ട് അടിയന്തരമായി തുടങ്ങേണ്ടതും അവരുടെ തനത് ഫണ്ട് അതിൽ നിക്ഷേപിക്കേണ്ടതുമാണെന്ന് സൂചന (2) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പല പ്രാദേശിക സർക്കാരുകളും സൂചനയിലെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ, തനതു ഫണ്ടുകൾ വാണിജ്യ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഇതുവരെയും ലോക്കൽ ഗവണ്മെന്റ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് (LGTSB) അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്ത പ്രാദേശിക സർക്കാരുകൾ ലോക്കൽ

ഗവൺമെന്റ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് (LGTSB) അക്കൗണ്ട് അടിയന്തരമായി തുടങ്ങേണ്ടതും തനത് ഫണ്ട് പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

3. പൊതു ആവശ്യ ഫണ്ടും തനത് ഫണ്ടും പ്രാദേശിക സർക്കാരുകൾ പ്രത്യേകം LGTSB അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്.

**പി. അനിൽ പ്രസാദ്**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് III), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്
എല്ലാ പ്രാദേശിക സർക്കാരുകൾക്കും
തദ്ദേശ സ്വയംഭരണ(എഫ്.എം)വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബഡ്ജറ്റ് വിംഗ്-ഡി, ജെ, ഡബ്ല്യു)വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(E-1491850)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ